ആലുവ ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയഗ്നോസ്റ്റിക് സെന്റർ

120 [943] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഒരു ഡയഗ്നോസ്റ്റിക് സെന്റർ അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ആശുപത്രി സൂപ്രണ്ടിന്റെ അപേക്ഷ ഗവൺമെന്റിന് എന്നാണ് ലഭിച്ചത്;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ ഇതുവരെ ഒരു തീരുമാനം ഉണ്ടാകാത്തതിനുള്ള കാരണം വെളിപ്പെടുത്താമോ;

(ഇ) മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രിയിൽ ഒരു ഡയഗ്നോസ്റ്റിക് സെന്റർ അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പരിഗണിക്കുന്നതാണ്.

തലപ്പള്ളി താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ

121 [944] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പള്ളി താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിക്ക് ഇപ്പോൾ എന്തെല്ലാം പോരായ്മകളാണുള്ളത്;

(സി) ഈ പോരായ്മകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാർഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എം. പി. ഫണ്ടിന്റെ ഭാഗമായി പണി തീർത്ത പുതിയ പോസ്റ്റ് ഓപ്പറേഷൻ വാർഡ് ഇലക്ട്രിഫിക്കേഷൻസ്, സാനിട്ടറി

LIBRARY ARCHIVES Kerala Legislative Assembly

ഫിറ്റിംഗ്സ് എന്നീ പണികൾ തീരാത്തതിനാൽ ഇപ്പോൾ അത് ഉപയോഗിക്കുവാൻ കഴിയുന്നില്ല. കൂടാതെ വാർഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തേണ്ട തായിട്ടുമുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വേണ്ട നടപടികൾ കൈക്കൊള്ളു ന്നതാണ്.

ലോകബാങ്ക് ധനസഹായത്തോടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

122 [945] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ ധനസഹായത്തോടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി സ്വീക രിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളേയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതിയനുസരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ അത് എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലോകബാങ്കിന്റെ സഹായത്തോടെ കേന്ദ്ര ആരോഗ്യ വകുപ്പുവഴി ആർ.സി.എച്ച്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കേരളത്തിലെ 74 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും 100-ലേറെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. ആർ.സി.എച്ച്. മേജർ സിവിൽ വർക്ക്സ് പദ്ധതിയിൽപ്പെടുത്തി ഒരു സി.എച്ച്.സി.-യിൽ ശസ്ത്രക്രിയ മുറിക്കും പ്രസവമുറിക്കും നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾക്കായി പരമാവധി പത്ത് ലക്ഷം രൂപയും ആർ.സി.എച്ച്. മൈനർ സിവിൽ വർക്ക്സ് പദ്ധതി പ്രകാരം ഒരുപ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നവീകരണത്തിനായി പരമാവധി രണ്ടു ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(സി) പദ്ധതിയിൽ ഉൾപ്പെടുത്തിയ കേന്ദ്രങ്ങളുടെ ലിസ്റ്റ് അനുബന്ധം XII ആയി ചേർക്കുന്നു. †

(ഡി) അനുബന്ധം XII-ൽ പറയുന്ന സ്ഥാപനങ്ങളിൽ നിർമ്മാണ/ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

† അനുബന്ധം XII.

LIBRARY ARCHIVES Kerala Legislative Assembly